ഉത്തരം

(എ) 11223.2273 ചതുരശ്ര കിലോമീറ്റർ.

(ബി) 11232.8228 ചതുരശ്ര കിലോമീറ്റർ.

(സി) വനസർവ്വേ പൂർണ്ണമായിട്ടില്ല. ഇതേവരെ നടത്തിയ ലാൻറ് സർവേ അനുസരിച്ച് 1993-ൽ 10,336 ചതുരശ്ര കിലോമീറ്റർ.

സ്വകാര്യഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം

35. [1521] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(സി) ഇത്തരം നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം സ്വകാര്യഭൂമിയിലെ ഈട്ടി, തേക്ക്, ചന്ദനം, ഇരുൾ, തേൻബാവ്, കുംബകം, ചുംബകം, ചടച്ചി, ചന്ദനവേപ്പ്, ചീനി എന്നീ 10 ഇനം മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണം ഒരു ഹെക്ടറിന് താഴെയുള്ള വീട്ടുവളപ്പുകളിലെ മരങ്ങൾക്ക് ബാധകമല്ല. കൂടാതെ 5(1)-ാം വകുപ്പനുസരിച്ച് നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലത്തെ എല്ലാ ഇനത്തിൽപ്പെട്ട മരങ്ങളും മുറിക്കുന്നതിനുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ഫോറസ്റ്റ് റേഞ്ച് ആഫീസറുടെ റാങ്കിൽ കുറയാത്ത ഏതൊരു വനം വകുപ്പ് ഉദ്യോഗസ്ഥനും തന്റെ അധികാരപരിധിയിൽപ്പെട്ട സ്ഥലത്തെ സ്വകാര്യഭൂമിയിൽ സെക്ഷൻ 4, 5 (1) എന്നിവയുടെ ലംഘനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

കഞ്ചാവുകൃഷി തടയുന്നതിന് നടപടി

36. [1522] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമികളിലെ കഞ്ചാവുകൃഷി തടയുന്നതിനായി ഗവൺമെൻറ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത നടപടികളുടെ പുരോഗതി ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) കഞ്ചാവുകൃഷിക്ക് സാദ്ധ്യതയുണ്ടെന്ന് സംശയിക്കുന്ന വന പ്രദേശങ്ങളിൽ ഫീൽഡ് പട്രോളിംഗ് നടത്തുക, രഹസ്യാന്വേഷണം നടത്തുക, കഞ്ചാവുകൃഷി കണ്ടെത്തി നശിപ്പിക്കുക, വനനിയമപ്രകാരം കേസെടുക്കുക, കഞ്ചാവുകൃഷി നടത്താനനുവദിക്കാത്തവിധത്തിൽ വനസംരക്ഷണം ഊർജ്ജിതപ്പെടുത്തുക തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly